## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം. *364

19/03/2018 ൽ മറുപടിക്ക്

### കശുവണ്ടിത്തൊഴിലാളികളും വ്യവസായികളും നേരിടുന്ന ബുദ്ധിമുട്ടുകൾ

**ചോദ്യം**

ശ്രീമതി.സി.കെ.ആശ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.വി.ആർ. സുനിൽ കുമാർ

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

(എ) കൊല്ലം ജില്ലയിലെ അറുന്നൂറോളം കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

എ) കൊല്ലം ജില്ലയിലെ കുറെ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സീസണൽ വ്യവസായ മായതിനാൽ കാഷ്യൂ ഫാക്ടറികൾ 365 ദിവസവും പ്രവർത്തിക്കാറില്ല. ഇപ്പോൾ സീസൺ ആരംഭിച്ചതിനാൽ ഇവയിൽ ഭൂരിപക്ഷവും തുറക്കാനാകും. സീസൺ ആരംഭിക്കുന്നതിനു മുമ്പ് എല്ലാ വർഷവും ഇതെ കാലയളവിൽ കുറച്ചു ദിവസം ഫാക്ടറികൾ അടഞ്ഞു കിടക്കാറുണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലക്കയറ്റവുമാണ് മറ്റൊരു കാരണം. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശയും ബാങ്കിൽ നിന്നും വിലക്കയറ്റത്തിന് ആനുപാതികമായ കാഷ്യൂ ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ തോട്ടണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ചുങ്കം ഏർപ്പെടുത്തിയിട്ടുള്ളത് അസംസ്കൃത തോട്ടണ്ടി ഇറക്കുമതിയെയും ഫാക്ടറികൾ പൂട്ടുന്നതിനും ഇടയാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | വ്യവസായം പ്രതിസന്ധിയിലായതോടെ പരമ്പരാഗത കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടത് പരിഹരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവും വില വർദ്ധനയുമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആഭ്യന്തരമായി കശുവണ്ടിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖാന്തിരം മിതമായ നിരക്കിൽ വ്യവസായത്തിനാവശ്യമായ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമത്തിലാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട ഊർജ്ജിത നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (സി) | ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാതെ ജപ്തി നടപടി നേരിടുന്നത് മൂലം കശുവണ്ടി വ്യവസായികൾ ആത്മഹത്യയിൽ അഭയം തേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കടക്കെണി മൂലം പ്രതിസന്ധിയിലായതും ജപ്തി ഭീഷണി നേരിടുന്നതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചും വരുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ ബാങ്കുകളുടേയും ഫാക്ടറി ഉടമകളുടെയും ഒരു യോഗം മുഖ്യ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 15/02/2018 ൽ വിളിച്ചു ചേർത്തു പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 31/5/2018 |
| (ഡി) | സർഫാസി നിയമപ്രകാരം ഇവർക്ക് നേരെയുള്ള ജപ്തി നടപടികൾ നിർത്തിവച്ച് ആശ്വാസമേകുന്നതിന് തയ്യാറാകുമോ; | (ഡി) & | |
| (ഇ) | ജപ്തി ഒഴിവാക്കുന്നതിനും വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും വായ്പ പുന:ക്രമീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | |

വരെ വ്യവസായികളുടെ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ കടക്കെണിയിലായ വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്ത് വീട്ടിൽ നിന്നും അവരെ പുറത്താക്കുന്ന നടപടികളും ധനകാര്യ സ്ഥാപനങ്ങൾ നിർത്തി വെച്ചിരിക്കുകയാണ്.

വ്യവസ്ഥകൾ :-

i. 31/3/2018 ന് മുമ്പ് വ്യവസായികൾ ബന്ധപ്പെട്ട ബാങ്കിന് പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കണം.
ii. ഇങ്ങിനെ സമർപ്പിക്കുന്ന പ്രൊപ്പോസൽ ഒരു മാസത്തിനകം പരിശോധിച്ച് ബാങ്കുകൾ തീരുമാനം വ്യവസായിയെ അറിയിക്കും.
iii. ആർ.ബി.ഐ. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ പ്രൊപ്പോസൽ പരിഗണിച്ച് സ്വീകാര്യമാണെങ്കിൽ പ്രൊപ്പോസലുമായി മുന്നോട്ട് പോകുന്നതാണ്.
iv. സ്വീകാര്യമല്ലാത്ത പ്രൊപ്പോസലുകൾ സംബന്ധിച്ച് വ്യവസായിയെ അറിയിക്കുകയും 31/5/2018 നകം സ്വീകാര്യമായ ഒറ്റത്തവണ തീർപ്പാക്കലിന് ശ്രമിക്കുകയോ മറ്റ് മാർഗ്ഗത്തിലൂടെ കണക്ക് തീർപ്പാക്കുന്നതിന് ശ്രമിക്കേണ്ടതോ ആണ്.
v. നിശ്ചിത സമയത്തിനകം പുനരുദ്ധാരണ പ്രൊപ്പോസൽ സമർപ്പിക്കാത്തവർക്കും 31/5/2018 നകം ഒറ്റത്തവണ തീർപ്പാക്കൽ നടപടിക്ക് ശ്രമിക്കാവുന്നതാണ്.

മേൽ പറഞ്ഞ തീരുമാനങ്ങൾ താഴെ പറയുന്ന 14 ബാങ്കുകൾക്ക് ബാധകമായിരിക്കും.

1. ആക്സിസ് ബാങ്ക്
2,. ബാങ്ക് ഓഫ് ഇന്ത്യ
3. കാനറ ബാങ്ക്
4.കാത്തലിക് സിറിയൻ ബാങ്ക്
5. കോർപ്പറേഷൻ ബാങ്ക്
6.ഫെഡറൽ ബാങ്ക്
7. എച്ച്.ഡി.എഫ്.സി. ബാങ്ക്
8.ഐ.ഡി.ബി.ഐ
9.ഇന്ത്യൻ ബാങ്ക്
10. പഞ്ചാബ് നാഷണൽ ബാങ്ക്
11.സൗത്ത് ഇന്ത്യൻ ബാങ്ക്
12. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
13. സിൻഡിക്കേറ്റ് ബാങ്ക്
14.തമിഴ് നാട് മർക്കന്റൈൽ ബാങ്ക്

**സെക്ഷൻ ഓഫീസർ**